സ്വാതിതിരുനാളിന്റെ സംഗീതപ്രതിഭ നിഷേധിക്കാൻ എളുപ്പമുണ്ട്. ത്രിമൂർത്തികൾക്കടുത്തു്, കളിക്കാനാവാത്ത കളി അദ്ദേഹത്തോടാവാം. 'നാൽവരു'ടെ കുടുംബക്കാരായ ശിവാനന്ദം—കിട്ടപ്പാ സഹോദരന്മാർ ഈ ആക്രമണത്തിനു നേതൃത്വം വഹിക്കുന്നതിന്റെ അർത്ഥവും എളുപ്പത്തിൽ മനസ്സിലാക്കാവുന്നതേയുള്ളു.

ഈ അസത്യപ്രചാരണത്തെ സംഗീത ഗവേഷകർ സത്യംകൊണ്ടു നേരിടുകതന്നെ വേണം. ശ്രീ പാർത്ഥസാരഥി പേരെടുത്തു പറയുന്ന മാർഗദർശി ശേഷയ്യങ്കാർ പതിനാറാം ശതകത്തിൽ ശ്രീരംഗത്തു ജീവിച്ചിരുന്ന ഒരു വാഗ്ഗേയകാരനാണ്. 'ശേഷയ്യങ്കാരുടെ കീർത്തനങ്ങൾ സംസ്കൃതത്തിൽ ആകയാൽ, ആ യതിൽ ഉള്ളത ഇവിടെ ഗ്രാഹ്യമായിട്ടുള്ളു' എന്ന് 'മുഹനയുടേയും പ്രാസത്തിന്റേയും അന്ത്യപ്രാസത്തിന്റേയും വ്യവസ്ഥ' എന്ന ഗ്രന്ഥത്തിൽ സ്വാതിതിരുനാൾ പറഞ്ഞിട്ടുണ്ട്. ഇതിൽനിന്ന്, സ്വാതിതിരുനാളിന് പ്രാചീനനായ ശേഷയ്യങ്കാരോടുള്ള ആധമർണ്യം വ്യക്തമാവുന്നു. കവിയും ബഹുഭാഷാ പണ്ഡിതനും പ്രതിഭാശാലിയുമായ സ്വാതിതിരുനാളിന് ഗാനസാഹിത്യരചന നിഷ്പ്രയാസമായിരുന്നു. തന്റെ സദസ്സിലെ ഗായകരുടെ ഗാനാലാപം, സ്വാഭാവികമായും അദ്ദേഹം ശ്രദ്ധിച്ചു കേട്ടിരിക്കാം. ആ സദസ്സിൽ തഞ്ചാവൂർ നാൽവർ മാത്രമായിരുന്നില്ല അംഗങ്ങളെന്നു മുമ്പു പറഞ്ഞുവല്ലോ. കേട്ട ഗാനാലാപങ്ങളിൽനിന്നെല്ലാം ആകർഷകങ്ങളായിത്തോന്നിയവ, രാഗങ്ങളും വർണമട്ടുകളും അലങ്കാരങ്ങളും പ്രയോഗവിശേഷങ്ങളും എല്ലാം, സ്വാതിതിരുനാൾ തന്റെ കൃതികളിൽ ഉപയോഗപ്പെടുത്തിയുമിരിക്കാം. എല്ലാ രാജ്യങ്ങളിലും എല്ലാ കാലങ്ങളിലും സർഗപ്രതിഭയുള്ള കലാകാരന്മാർ ചെയ്യുന്നതു് ഇതാണ്. സംഗീത ത്രിമൂർത്തികളും ഇതുതന്നെയാവണം ചെയ്തിരിക്കുക. അതിനു മുമ്പില്ലാതിരുന്ന ഒരു പുതുമ സൃഷ്ടിക്കുവാൻ അവസരം ലഭിക്കുന്നവർ കലാലോകത്തിൽ താരതമ്യേന കുറവാണ്. നിലവിലുള്ള ഒന്നിന്റെ നിലീനങ്ങളായ സൗന്ദര്യസാദ്ധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തുന്നതിനുള്ള കഴിവാണ് മൗലികപ്രതിഭ.

ഒരു നുണ നൂറുതവണ ആവർത്തിച്ചാൽ, അതിൽ സത്യമില്ലേ എന്നു് ശുദ്ധഗതിക്കാർ സംശയിച്ചുതുടങ്ങും. പാമരന്മാരുടെ കഥ പറയുകയും വേണ്ട. 'സത്യംകൊണ്ടു് അസത്യവാദിയെ നേരിടുക' എന്ന ബുദ്ധോപദേശം ഈ വിഷയത്തിലും നമുക്കു് മാർഗദർശകമായിരിക്കേണ്ടതാണ്.

4 നവംബർ, 1982

# 52. ഇന്നത്തെ ലോകത്തിൽ ഇന്നലത്തെ മതങ്ങൾ

പടിഞ്ഞാറെ ജർമനിയിലെ ഫ്രാങ്ക്ഫർട്ട് നഗരത്തിൽ ആണ്ടുതോറും നടക്കുന്ന പുസ്തകമേള ലോകത്തിലെങ്ങുമുള്ള ബുദ്ധിജീവികൾക്കിടയിൽ ചർച്ചാവിഷയമാകാറുണ്ട്. പുസ്തകങ്ങളുടെ പൊതുവായ പ്രദർശനത്തോടൊപ്പം, ഏതെങ്കിലുമൊരു പ്രത്യേക വിഷയത്തിലേക്കു പുസ്തകവായനക്കാരുടെ ശ്രദ്ധ ആകർഷിക്കുന്നതിനുവേണ്ടി, ഓരോ പ്രദർശനത്തിനും ഓരോ 'വിഷയം' (ടോപ്പിക്) പ്രഖ്യാപിക്കുക പ്രദർശന ഭാരവാഹികളുടെ പതിവാണ്. ഇക്കഴിഞ്ഞ സെപ്റ്റംബറിൽ നടന്ന ഫ്രാങ്ക്ഫർട്ട് പുസ്

കമേളയുടെ വിഷയം 'ഇന്നത്തെ ലോകത്തിൽ ഇന്നലത്തെ മതങ്ങൾ' എന്നതായിരുന്നു.

ഈ പുസ്തകമേളയിൽ എൺപത്താറു രാജ്യങ്ങളിൽനിന്നുള്ള അയ്യായിരത്തി അറുനൂറ് പ്രസാധകർ തങ്ങളുടെ പുസ്തകങ്ങൾ പ്രദർശിപ്പിച്ചു. അറുപതിനായിരം പുസ്തകവില്പനക്കാരും ആറായിരം പത്രപ്രതിനിധികളുമടക്കം ഒന്നേമുക്കാൽ ലക്ഷം ജനങ്ങൾ പുസ്തകമേള സന്ദർശിച്ചു. ഇതിൽനിന്ന് ഫ്രാങ്ക്ഫർട്ട് പുസ്തകമേള ജനങ്ങളിൽ ഉണർത്തിയ താല്പര്യത്തേയും, പാശ്ചാത്യരാജ്യങ്ങളിലെ ബുദ്ധിപരമായ പ്രവർത്തനങ്ങളിൽ സാമാന്യമായും പുസ്തകവ്യാപാരത്തിൽ പ്രത്യേകിച്ചും അതു് ഉളവാക്കിയേക്കാവുന്ന പ്രഭാവത്തെയുംപററി മൊത്തത്തിൽ ഊഹിക്കാൻ കഴിയും.

ഇതിനു മുമ്പുള്ള ഫ്രാങ്ക്ഫർട്ട് പുസ്തകമേളകളിൽ 'വിഷയം' തിരഞ്ഞെടുത്തിരുന്നതു് ആ വിഷയത്തിന്റെ സമകാല ജനപ്രിയത പരിഗണിച്ചായിരുന്നില്ല. മറിച്ച് ആളുകൾ ശ്രദ്ധിക്കേണ്ടതും, എന്നാൽ ശ്രദ്ധിക്കാതെ പോവുന്നതും, ആയ ഒരു 'വിഷയ'ത്തിൽ പ്രകാശം ചൊരിയാനായിരുന്നു അന്നൊക്കെ ശ്രമം. കറുത്ത ആഫ്രിക്കയുടെയും ലാററിൻ അമേരിക്കയുടെയും സാഹിത്യങ്ങൾ ഫ്രാങ്ക്ഫർട്ട് പുസ്തകമേളകളിലെ 'വിഷയ'ങ്ങളായിരുന്നിട്ടുണ്ട്. പാശ്ചാത്യരെ സംബന്ധിച്ചിടത്തോളം അന്ന് ഈ സാഹിത്യങ്ങൾ താരതമ്യേന അറിയപ്പെടാത്തവയോ, അല്ലാഌം അറിയപ്പെട്ടിരുന്നെങ്കിൽത്തന്നെ ശരിയായി വിലമതിക്കപ്പെടാത്തവയോ ആയിരുന്നു. ഈ സാഹിത്യങ്ങളെ കച്ചവടക്കണ്ണിലൂടെയല്ലാതെ, കലാപരമായിത്തന്നെ വിലയിരുത്തുന്നതിൽ മുൻ വർഷങ്ങളിലെ മേളകൾ വിജയിച്ചവത്രേ.

ഈയാണ്ടിലെ 'വിഷയ'മായി മതങ്ങളെ തിരഞ്ഞെടുത്തതു് യൂറോപ്പിലെ ജനങ്ങളുടെ ശ്രദ്ധയെ ഇതിനകം മതങ്ങൾ വളരെയധികം പിടിച്ചടക്കിക്കഴിഞ്ഞിരിക്കുന്നു എന്ന വസ്തുതയെ ആസ്പദിച്ചായിരുന്നുവത്രേ. അതായതു്, മതപ്രശ്നങ്ങൾ യൂറോപ്പിൽ അധികാധികം ജനപ്രീതി ആർജിച്ചുവരുകയാണെന്നു പുസ്തകമേളയുടെ സംഘാടകർ കരുതി. മതചിന്തകളിലുണ്ടായിക്കൊണ്ടിരിക്കുന്ന പുതിയ ധാരകളെപ്പററി, മതസംഘടനകൾക്കു പുറമേ, റേഡിയോവും ടെലിവിഷനും മററും യൂറോപ്പിൽ കൂടെക്കൂടെ ചർച്ചകൾ സംഘടിപ്പിച്ചു വരുന്നുണ്ട്. മതപ്രശ്നങ്ങളിൽ വർധിച്ചുവരുന്ന ബഹുജന താല്പര്യം പുസ്തകപ്രകാശന രംഗത്തെയും ബാധിക്കാതിരിക്കുകയില്ലല്ലോ. ആശയപ്രകാശനത്തിന് ഇപ്പോഴും മനുഷ്യവർഗത്തിന്റെ ഏററവും പ്രധാനമായ മാധ്യമം പുസ്തകങ്ങൾതന്നെയാണ്. 'മനുഷ്യനും സാങ്കേതിക വിദ്യയും' എന്നതായിരുന്നു ഇത്തവണ പുസ്തകമേളയ്ക്കു് നിർദേശിക്കപ്പെട്ട മറെറാരു 'വിഷയം'. എന്നാൽ, സാങ്കേതിക വിദ്യയേക്കാൾ ഇന്നത്തെ മനുഷ്യരുടെ ചിന്താമണ്ഡലത്തിൽ കോളിളക്കങ്ങളുണ്ടാക്കുന്നതു് മതങ്ങളാണെന്ന നിഗമനത്തിലാണ്, കൂടിയാലോചനകൾക്കുശേഷം, പുസ്തകമേളയുടെ സംഘാടകർ ചെന്നെത്തിയതു്.

പശ്ചിമയൂറോപ്പിന്റെ മസ്തിഷ്കം എന്നു പറയാവുന്ന പടിഞ്ഞാറൻ ജർമനിയിലാണ് ഫ്രാങ്ക്ഫർട്ട് നഗരം. മധ്യകാലത്തിൽ ഏതൊരു പൗരസ്ത്യ രാജ്യത്തെയുംപോലെ മതത്തിൽ മുഴുകിക്കിടന്നിരുന്ന യൂറോപ്പ്, നവോത്ഥാനത്തെയും മതനവീകരണത്തെയും തുടർന്ന് യുക്തിചിന്തയുടെ യുഗത്തിലേക്കു പ്രവേശിച്ചു. വ്യവസായവല്ക്കരണം യൂറോപ്പിൽനിന്നു് മതത്തെ മിക്കവാറും തൂത്തുവാരിക്കളഞ്ഞു; മതനിരപേക്ഷമായ ശാസ്ത്രീയ ചിന്തയായിത്തീർന്നു യൂറോപ്പിന്റെ 'മതം'. ഇപ്പോൾ, വ്യവസായയുഗത്തിന്റെ ഈ മൂർദ്ധന്യഘട്ടത്തിൽ, യൂറോപ്പ് വീണ്ടും മതങ്ങളിലേക്കു ശ്രദ്ധ തിരിക്കുകയാണെന്ന വസ്തുത ആലോചിക്കാൻ വകതരുന്ന ഒന്നാണ്.

ഫ്രാങ്ക്ഫർട്ട് മേളയുടെ 'വിഷയം' ഏതെങ്കിലുമൊരു 'മതം' ആയി

രുന്നില്ല, പൊതുവേ 'മതങ്ങൾ' ആയിരുന്നു. അജ്ഞാതത്തെ ആരാധിക്കുന്നതിനും, അതിന്ന് തന്നെത്താൻ സമർപ്പിക്കുന്നതിനും, അതിനോടുള്ള ഐക്യബോധത്തിൽനിന്ന് മനഃശാന്തിയും ആനന്ദവും നേടുന്നതിനുമുള്ള മനുഷ്യൻെറ മൗലികമായ മോഹത്തെ തൃപ്തിപ്പെടുത്തുന്നതിനുള്ള ശ്രമങ്ങളെന്ന നിലയിൽ, എല്ലാ മതങ്ങളെയും ഏറെക്കുറെ ഒരേ പ്രതിഭാസത്തിൻെറ വ്യത്യസ്ത ആവിഷ്കരണങ്ങളായി വീക്ഷിക്കുന്നതിനുള്ള പ്രവണതയാണല്ലോ ഇന്നു ചിന്താശീലരായ മനുഷ്യർക്കിടയിൽ, എല്ലാ രാജ്യങ്ങളിലും ഉള്ളത്.

എല്ലാ പ്രധാന മതങ്ങളും ഭൂതകാലത്തിൽ വേരോടി നില്ക്കുന്നു. അവ ഉളവായി വളർന്ന പ്രത്യേക കാലഘട്ടത്തിൻെറയും പ്രത്യേക ജനസമൂഹത്തിൻെറയും അന്നത്തെ, അവിടത്തെ, ആവശ്യങ്ങളാണ് അവയ്ക്കു രൂപം നൽകിയത്. വളർച്ചയുടേതായ ദീർഘകാല പ്രക്രിയ അവ ഓരോന്നിലും ഓരോ തരത്തിലുള്ള വൈരൂപ്യങ്ങൾ സൃഷ്ടിച്ചിരിക്കാം. ഈ വൈരൂപ്യങ്ങളാണ് ഒരു മതത്തെ മറ്റൊന്നിൽനിന്നു വ്യത്യസ്തമാക്കുന്നതും, മതങ്ങൾ തമ്മിലും, ഒരു മതത്തിൻെറ വ്യത്യസ്ത-ഉപവിഭാഗങ്ങൾ തമ്മിലും, കലഹങ്ങൾക്കു കാരണമായിത്തീരുന്നതും. കാലദേശഭേദജന്യങ്ങളായ ഈ ബാഹ്യവൈരൂപ്യങ്ങൾ നീക്കിക്കളഞ്ഞാൽ, എല്ലാ മതങ്ങളിലും കാതലായ ചില സനാതന തത്ത്വങ്ങൾ കാണാൻ കഴിഞ്ഞേക്കും. സാങ്കേതിക വിദ്യയിലൂടെ പൂർണമായ വ്യവസായവൽക്കരണവും ആശയവിനിമയ രംഗത്തിൽ സർവംകഷമായ ഒരു വിപ്ലവവും നേടിക്കഴിഞ്ഞ ആധുനികലോകത്തിലും മതങ്ങളുടേതായ ഈ അടിസ്ഥാന തത്ത്വങ്ങൾക്ക് പ്രസക്തി കണ്ടേക്കും. 'ഇന്നത്തെ ലോകത്തിൽ ഇന്നലത്തെ മതങ്ങൾ' എന്ന 'വിഷയം' തിരഞ്ഞെടുത്തതിലൂടെ ഈയാണ്ടിലെ ഫ്രാങ്ക്ഫർട്ട് പുസ്തകമേള ലോകമെങ്ങുമുള്ള പുസ്തകവായനക്കാരുടെ മുമ്പിൽ സമർപ്പിക്കാൻ ഉദ്ദേശിച്ച സന്ദേശം ഇതാണെന്നു തോന്നുന്നു.

മതങ്ങളുമായി ബന്ധപ്പെട്ട നൂററിമുപ്പത്തഞ്ചു 'സംഭവങ്ങൾ' ഈ പുസ്തകമേളയോടനുബന്ധിച്ചു നടന്നു. ഫ്രാങ്ക്ഫർട്ട് നഗരത്തിൻെറ വ്യത്യസ്ത ഭാഗങ്ങളിലുള്ള മ്യൂസിയങ്ങളിലും സിനിമാശാലകളിലും യൂണിവേഴ്സിററികളിലും പള്ളികളിലും ഹോട്ടലുകളിലും ഒക്കെ ആണ് ഇവ സംഘടിപ്പിക്കപ്പെട്ടത്. 'ഇന്നത്തെ ലോകത്തിൽ ഇന്നലത്തെ മതങ്ങൾ' എന്നും, 'ലോകമതങ്ങൾ' എന്നുമുള്ള രണ്ടു പ്രദർശനങ്ങളായിരുന്നു ഈ 'സംഭവ'ങ്ങളിൽ പ്രധാനപ്പെട്ടവ. മതഗ്രന്ഥങ്ങളുടെ ബയൻഡിങ്, വത്തിക്കാൻ ലൈബ്രറി പ്രസിദ്ധീകരണങ്ങൾ, പുസ്തകങ്ങളും ലോകസമാധാനവും എന്നിങ്ങനെ മൂന്നു വിഭാഗീയ പ്രദർശനങ്ങളുമുണ്ടായിരുന്നു. തിബത്തിലെ ബുദ്ധമതനേതാവായ ദലായ്ലാമയും അമേരിക്കൻ ഐക്യനാടുകളിലെ 'ഹോപി ഇന്ത്യക്കാർ' എന്ന അമേരിന്ത്യൻ വർഗക്കാരുടെ രണ്ടു പുരോഹിതന്മാരും തമ്മിലുള്ള സംവാദമായിരുന്നു ഒരു സമ്മേളനത്തിലെ ആകർഷണം. പാശ്ചാത്യരാജ്യങ്ങളിലാകെ പലതരം ധ്യാന സമ്പ്രദായങ്ങൾ പ്രചരിക്കപ്പെട്ടുവരുകയാണല്ലോ. അതിനാൽ, സ്വാഭാവികമായും, ധ്യാനയോഗം ഒരു സമ്മേളനത്തിനു വിഷയം നൽകി. പുനർജന്മത്തെപ്പററിയായിരുന്നു ഒരു സമ്മേളനം. 'മൂന്നാം ലോകത്തിൽ ചർച്ചിൻെറ നില' ഒരു സമ്മേളനത്തിൽ ചർച്ച ചെയ്യപ്പെട്ടു. സമാധാനം, ജ്യോതിഷം, പുതിയ മതപ്രസ്ഥാനങ്ങൾ എന്നിവയും ചർച്ചാവിഷയങ്ങളായി. ക്രിസ്തുമതവും ഇസ്ലാമും തമ്മിലുള്ള വ്യത്യാസങ്ങളെപ്പററിയായിരുന്നു മററൊരു സമ്മേളനം.

ഇതെല്ലാം മേളയിലെ 'ഉപസംഭവ'ങ്ങളായിരുന്നു. മേള നടന്ന സ്ഥലത്ത് എന്നും വൈകന്നേരം നടന്ന സമ്മേളനങ്ങളായിരുന്നു മേളയിലെ 'മുഖ്യ സംഭവ'ങ്ങൾ. മതനേതാക്കൾ, ദാർശനികർ, ഗ്രന്ഥകാരർ,

അദ്ധ്യാപകർ, സാമൂഹ്യശാസ്ത്രജ്ഞർ, രാഷ്ട്രതന്ത്രജ്ഞർ, വനിതാപ്രസ്ഥാനക്കാർ, വിദ്യാർത്ഥികൾ, പട്ടാളക്കാർ, ഡോക്ടർമാർ തുടങ്ങി ബുദ്ധിപരമായ പ്രവർത്തനത്തിന്റെ വ്യത്യസ്ത മേഖലകളിൽ പ്രശസ്തിയാർജിച്ചവർ ഈ സമ്മേളനങ്ങളിൽ പങ്കെടുത്തു സംസാരിച്ചു.

ഈ സമ്മേളനങ്ങളിൽ ആദ്യത്തേതിൽ ചർച്ച ചെയ്യപ്പെട്ടതു് 'മതം: സമാധാനത്തിനോ, കലഹത്തിനോ?' എന്ന വിഷയമായിരുന്നു. 'വ്യത്യസ്ത മതങ്ങളുടെ സമന്വയം', 'മതവും വിപ്ലവവും', 'ഈശ്വരനും നിത്യജീവിതവും' എന്നീ വിഷയങ്ങൾ മററു സമ്മേളനങ്ങളിൽ വാദപ്രതിവാദങ്ങൾക്കു വക നൽകി. 'മതങ്ങളും സ്ത്രീകളും' എന്നതായിരുന്നു മറെറാരു സമ്മേളനത്തിലെ വിഷയം. പക്ഷേ, ആ വിഷയം നിർദേശിക്കപ്പെട്ടിരുന്നതു് 'അകന്ന അയൽപക്കം' (ഡിസ്റ്റന്റ് നൈബർ) എന്ന വിചിത്രമെങ്കിലും വ്യഞ്ജനാസമൃദ്ധമായ ശൈലിയിലാണു്. സ്ത്രീക്കു് മിക്ക മതങ്ങളും നൽകുന്ന സ്ഥാനം അകന്ന ഒരു അയൽക്കാരന്റേതു് (ക്കാരിയുടേതു്) മാത്രമാണല്ലോ. മനുഷ്യവർഗത്തിൽ പുരുഷമേധാവിത്വത്തിന്റെ അവസാനത്തെ ശക്തിദുർഗം മതമായിരുന്നില്ല.

ഈ സമ്മേളനങ്ങളിൽ അവതരിപ്പിക്കപ്പെട്ട പ്രബന്ധങ്ങളും നടന്ന ചർച്ചകളും വായിക്കാൻ എനിക്കു കഴിഞ്ഞിട്ടില്ല. എന്നാലും, അവയിൽ പങ്കെടുത്ത വ്യക്തികളുടെ പ്രശസ്തിയും പശ്ചാത്തലങ്ങളും വെച്ചു നോക്കുമ്പോൾ, വിജ്ഞേയങ്ങളായ പല വസ്തുതകളും ദുർലഭങ്ങളായ പല ഉൾക്കാഴ്ചകളും അവയിൽ ഉൾക്കൊണ്ടിരിക്കണമെന്നു് ഊഹിക്കുന്നതിൽ തെററില്ലെന്നു തോന്നുന്നു.

ഫ്രാങ്ക്ഫർട്ട് പുസ്തകമേള സന്ദർശിച്ചവരും അതിനെപ്പററി വായിച്ചവരുമായ പാശ്ചാത്യരാജ്യങ്ങളിലെ കോടിക്കണക്കിനു് പുസ്തകപ്രേമികൾ, ഇന്നത്തെ ലോകത്തിൽ ഇന്നലത്തെ മതങ്ങൾക്കുള്ള പ്രസക്തിയെപ്പററി ആഴത്തിലോ ഉപരിപ്ലവമായോ ചിന്തിച്ചിരിക്കണം. അണ്വായുധങ്ങളുടെ നിഴൽപ്പാടിൽ പേടിച്ചു ചൂളിയും, നിദാനമെന്തെന്നു് അറിയാൻ കഴിയാത്ത ഒരു സാമ്പത്തിക മാന്ദ്യത്താൽ ഉഴിരുകെട്ടും കഴിയുന്ന, കിഴക്കെന്നും പടിഞ്ഞാറെന്നും നെടുകെയും വടക്കെന്നും തെക്കെന്നും കുറുകെയും വിഭജിക്കപ്പെട്ട, ഏതു ക്രൂരത കണ്ടാലും കണ്ണുനീർ പൊടിയാതെയായ, സ്വയം സൃഷ്ടമായ മാലിന്യത്തിൽ കഴുത്തോളം മുങ്ങിപ്പോയ, ഇന്നത്തെ ലോകത്തെപ്പററി സ്വാംനഭേജനൃമായ തീവ്രാവബോധം പൊതുവെ ഇന്നു പാശ്ചാത്യർക്കെല്ലാം ഉള്ളതാണു്. മനുഷ്യേതിഹാസത്തിൽ ഇതൊരു പർവസന്ധിയാണെന്നും അവർ വിശ്വസിക്കുന്നുണ്ടാവണം; അടുത്ത പർവത്തിലുള്ളതു് ആത്മഹത്യയോ ഉയിർത്തെഴുന്നേല്പോ എന്നതായിരിക്കണം അവർക്കു തീരുമാനിക്കാൻ കഴിയാത്തതു്.

ഈ സന്ദിഗ്ദ്ധഘട്ടത്തിൽ മനുഷ്യവർഗത്തിനു് ഇന്നലത്തെ മതങ്ങൾ വല്ല സംഭാവനയും, വല്ല ആശ്വാസവും, നൽകുമോ? സമ്മേളനങ്ങളിലെ ചർച്ചകൾ ശ്രദ്ധിച്ചവർക്കു് എന്തു തോന്നി, ആവോ! പ്രസംഗങ്ങൾ കേട്ടു കഴിഞ്ഞ ശേഷം അവർ, പുസ്തകമേളയിലെ കടകളിൽച്ചെന്നു്, പ്രസംഗങ്ങൾ കേൾക്കാതിരുന്നെങ്കിൽ തങ്ങൾ തിരഞ്ഞെടുക്കുമായിരുന്നില്ലാത്ത ഏതാനും മതഗ്രന്ഥങ്ങൾ വാങ്ങി വീടുകളിലേക്കു കൊണ്ടുപോയിരിക്കാം. ഈ പുസ്തകങ്ങൾ പിന്നീടു് അവർ വായിക്കുമോ? വായിച്ചെങ്കിൽത്തന്നെ, പഠനം മനനത്തിലേക്കും മനനം നിദിധ്യാസനത്തിലേക്കും നിദിധ്യാസനം കർമത്തിലേക്കും അവരെ നയിക്കുമോ? അതോ, ഫ്രാങ്ക്ഫർട്ട് പുസ്തകമേളയും അതിലെ സമ്മേളനങ്ങളും പ്രദർശനങ്ങളും എല്ലാം തല്ക്കാലത്തെ പുസ്തകവില്പനയ്ക്കുള്ള സമർത്ഥതന്ത്രങ്ങൾ മാത്രമായി പര്യവസാനിക്കുമോ? പര്യവസാനിച്ചുവോ?

20 ഒക്ടോബർ, 1982